ലോകാഃ സമസ്താഃ സുഖിനോ ഭവന്തു !

# യോഗക്ഷേമസഭ

രജി. നമ്പർ 83/76

റജിസ്ട്രേഡ് ഓഫീസ് തൃശ്ശൂർ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്
യോഗക്ഷേമസഭ ഗസ്റ്റ് ഹൗസ്
19/384, നോർത്ത് ഔട്ടർറിംങ്ങ് റോഡ്,
ഗുരുവായൂർ – 680101, തൃശ്ശൂർ ജില്ല
ഫോൺ – 0487 2562444

ശ്രീ. എം. ജി. ഗോവിന്ദൻ നമ്പൂതിരിപ്പാട്
മംഗലത്തുമന, മനയ്ക്കപറമ്പ് റോഡ്
ഇടപ്പള്ളി പി. ഒ. – 682024, എറണാകുളം
ഫോൺ – 0484 2341086, 9447741086
E-mail:govindannamboodripad@yahoo.in

No. YKS/ELE/2017/CRO/1

## തിരഞ്ഞെടുപ്പ് വിജ്ഞാപനം

Date :31.12.2016

30.12.2016 ൽ കൂടിയ കൗൺസിൽ യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് നിലവിലുള്ള കൗൺസിൽ (28.08.2016) അംഗങ്ങളിൽ നിന്നും കേന്ദ്ര നിർവ്വാഹകസമിതി, വനിത, യുവജന നിർവ്വാഹകസമിതികൾ എന്നിവയിലേക്ക് നടത്തുന്ന തിരഞ്ഞെടുപ്പ് സംബന്ധിച്ച വിജ്ഞാപനം ഇതിനാൽ പുറപ്പെടുവിച്ചുകൊള്ളുന്നു.

സഭയുടെയും പോഷക സംഘടനകളുടേയും തിരഞ്ഞെടുക്കപ്പെടേണ്ട ഔദ്യോഗിക സ്ഥാനങ്ങളും ഒഴിവുകളും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാനം | തിരഞ്ഞെടുക്കപ്പെടേണ്ടവരുടെ എണ്ണം | | |
|---|---|---|---|---|
| | | കേന്ദ്രസഭ | വനിതാസഭ | യുവജനസഭ |
| 1. | പ്രസിഡന്റ് | 1 | 1 | 1 |
| 2. | വൈസ് പ്രസിഡന്റ് | 1 | 1 | 1 |
| 3. | മേഖലാ പ്രസിഡന്റ് | *3 | – | – |
| 4. | ജനറൽ സെക്രട്ടറി | 1 | – | – |
| 5. | സെക്രട്ടറി | 1 | 1 | 1 |
| 6. | മേഖല സെക്രട്ടറിമാർ | *3 | – | – |
| 7. | ജോയിന്റ് സെക്രട്ടറി | – | 1 | 1 |
| 8. | ട്രഷറർ | 1 | 1 | 1 |
| 9. | നിർവ്വാഹകസമിതി അംഗങ്ങൾ | 14 | 10 | 10 |
| 10. | കേന്ദ്ര നിർവ്വാഹകസമിതിയിലേക്കുള്ള പ്രതിനിധികൾ (വനിതാസഭ 2 + യുവജനസഭ 2) | | 2 | 2 |
| ആകെ | | 25 | 17 | 17 |

## തിരഞ്ഞെടുപ്പ് സമയക്രമീകരണം

| ക്രമ നമ്പർ | വിവരം | തിയ്യതിയും സമയവും | സ്ഥലം |
|---|---|---|---|
| 1. | നാമനിർദ്ദേശ ഫോറങ്ങളുടെ വിതരണം | 05.01.2017 to 20.01.2017 10 am to 5 pm | സി. ആർ. ഒ. യുടെ ഓഫീസ്, ഇടപ്പള്ളി |
| 2. | പൂരിപ്പിച്ച നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കുന്നതിനുള്ള അവസാന സമയം | 22.01.2017 11.00 am | യോഗക്ഷേമ ഓഫീസ്, ഗുരുവായൂർ/സി. ആർ. ഒ. യുടെ ഓഫീസ് |
| 3. | സമർപ്പിക്കപ്പെട്ട നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | 22.01.2017 1.30 pm to 2.00 pm | യോഗക്ഷേമ ഓഫീസ്, ഗുരുവായൂർ |
| 4. | സൂക്ഷ്മപരിശോധനയ്ക്ക് ശേഷം അംഗീകരിക്കപ്പെട്ട പത്രികകൾ സമർപ്പിച്ച സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കൽ | 22.01.2017 3.00 pm | യോഗക്ഷേമ ഓഫീസ്, ഗുരുവായൂർ |
| 5. | സ്ഥാനാർത്ഥിത്വം പിൻവലിയ്ക്കുവാനുള്ള അവസാന സമയം | 29.01.2017 4.00 pm | യോഗക്ഷേമ ഓഫീസ്, ഗുരുവായൂർ |
| 6. | സ്ഥാനാർത്ഥികളുടെ അന്തിമലിസ്റ്റ് | 29.01.2017 4.00 pm | യോഗക്ഷേമ ഓഫീസ്, ഗുരുവായൂർ |
| 7. | വോട്ടെടുപ്പ് (ആവശ്യമായി വരുന്ന പക്ഷം) | 05.02.2017 8 am to 12.00 Noon | യോഗക്ഷേമ ഓഫീസ്, ഗുരുവായൂർ |
| 8. | വോട്ടെണ്ണൽ | 05.02.2017 1.00 pm മുതൽ | യോഗക്ഷേമ ഓഫീസ്, ഗുരുവായൂർ |
| 9. | ഫലപ്രഖ്യാപനം | വോട്ടെണ്ണി തീരുന്ന മുറയ്ക്ക് | യോഗക്ഷേമ ഓഫീസ്, ഗുരുവായൂർ |

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. നാമനിർദ്ദേശ പത്രികകൾ കൗൺസിലംഗങ്ങൾക്ക് സി.ആർ.ഒ./ജെ.ആർ.ഒ. യിൽ നിന്ന് നേരിട്ടോ ബന്ധപ്പെട്ട ജില്ലാസെക്രട്ടറി മുഖേനയോ വാങ്ങാവുന്നതാണ്.
2. ഒരു നാമനിർദ്ദേശഫോറത്തിന്റെ വില 100 ക ആകുന്നു. 18.02.2016ലെ വിജ്ഞാപന പ്രകാരം നോമിനേഷൻ സമർപ്പിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷാ ഫീസ് അടക്കേണ്ടതില്ല.
3. ഒരാൾക്ക് ഒരു വിഭാഗത്തിൽ ഒന്നിലധികം സ്ഥാനങ്ങളിലേക്ക് മത്സരിക്കുവാൻ നാമനിർദ്ദേശ പത്രിക സമർപ്പിക്കുവാൻ അനുവാദമില്ലാത്തതാകുന്നു, സമർപ്പിച്ചാൽ രണ്ടും റദ്ദാകുന്നത്.
4. സ്ഥാനാർത്ഥികൾ 31(എ) വകുപ്പ് പ്രകാരം തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രകൗൺസിൽ അംഗങ്ങൾ ആയിരിക്കണം. വനിതാ യുവജന വിഭാഗങ്ങളിൽ മത്സരിക്കുന്നവർ അനുബന്ധ ചട്ടങ്ങളും നിയമങ്ങളും 22 വകുപ്പ് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽ അംഗങ്ങളായിരിക്കണം.
5. സ്ഥാനാർത്ഥികൾ ചുരുങ്ങിയത് 3 വർഷമെങ്കിലും സഭാംഗമായി തുടർന്നുവരുന്നവരും ഏതെങ്കിലും വിധത്തിൽ അയോഗ്യത കൽപ്പിക്കപ്പെടാത്തവരുമായിരിക്കേണ്ടതാണ്.
6. നിലവിലുള്ള കേന്ദ്രനിർവ്വാഹക സമിതിയിലെ അംഗങ്ങൾ അവരുടെ നാമനിർദ്ദേശ പത്രികയോടൊപ്പം നിയമാവലി 49 (എ) വകുപ്പ് പ്രകാരമുള്ള അയോഗ്യതയില്ലാത്തവരാണെന്ന് കാണിച്ചുകൊണ്ട് ജനറൽ സെക്രട്ടറി നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം അവരുടെ നാമനിർദ്ദേശപത്രിക തള്ളിക്കളയുന്നതുമാകുന്നു.
7. നാമനിർദ്ദേശ പത്രിക തിരിച്ചറിയൽ കാർഡിന്റെ ഫോട്ടോ കോപ്പി സഹിതം സ്ഥാനാർത്ഥി നേരിട്ടോ ബന്ധപ്പെട്ട ജില്ലാ സെക്രട്ടറി മുഖാന്തിരമോ സമർപ്പിക്കേണ്ടതാകുന്നു.
8. നാമനിർദ്ദേശ പത്രികകൾ പിൻവലിയ്ക്കുന്നതിന് സ്ഥാനാർത്ഥി നേരിട്ട് വന്ന് രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാകുന്നു.
9. വോട്ടെടുപ്പ്, വോട്ടെണ്ണൽ തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതായിരിക്കും.
10. സി.ആർ.ഒ.യുടെയോ പ്രിസൈഡിംഗ് ഓഫീസറുടെയോ ഇനിഷ്യലുള്ള ഫോറത്തിൽ അല്ലാതെ സമർപ്പിക്കുന്ന നാമനിർദ്ദേശ പത്രികകൾ സ്വീകാര്യമല്ലാത്തതാകുന്നു.
11. 18 നിർവ്വാഹകസമിതി അംഗങ്ങളിൽ 14 പേർ അതാത് ജില്ലകളിൽ നിന്നുള്ള പ്രതിനിധികളും, 2 പേർ വനിതാ കൗൺസിൽ നിന്നും 2 പേർ യുവജന കൗൺസിൽ നിന്നും തിരഞ്ഞെടുക്കേണ്ടതാണ്.
12. ജില്ലാ പ്രാതിനിധ്യത്തിന് ഒന്നിൽ കൂടുതൽ മത്സരാർത്ഥികൾ ഉണ്ടെങ്കിൽ കേന്ദ്ര കൗൺസിൽ വോട്ടെടുപ്പുവഴി തിരഞ്ഞെടുക്കുന്നതാണ്. ഒരാൾ മാത്രമേ ഉള്ളൂ എങ്കിൽ നോമിനേഷൻ നൽകേണ്ടതാണ്.
13. തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിയുടെ കാലാവധി 3 വർഷമാകുന്നു.

*മേഖല പ്രസിഡന്റ്മാരേയും മേഖല സെക്രട്ടറിമാരേയും അതാത് മേഖലകളിലെ കൗൺസിലർമാർക്കിടയിൽ നിന്ന് മുഴുവൻ സംസ്ഥാന കൗൺസിൽ അംഗങ്ങൾ ചേർന്ന് തെരഞ്ഞെടുക്കേണ്ടതാണ്.

*ദക്ഷിണമേഖല – തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം
മദ്ധ്യമേഖല – എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്
ഉത്തരമേഖല – മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്

**എം.ജി.ഗോവിന്ദൻ നമ്പൂതിരിപ്പാട്**
ചീഫ് റിട്ടേണിംങ്ങ് ഓഫീസർ
യോഗക്ഷേമസഭ (റജി.നമ്പർ 83/76)